**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2937** **03-08-2021 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിൽ പുതിയ ഓഫീസുകൾ ആരംഭിച്ചത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന ശേഷം മോട്ടോർ വാഹന വകുപ്പിനു കീഴിൽ എത്ര പുതിയ ഓഫീസുകൾ ആരംഭിച്ചുവെന്നും അത് ഏതൊക്കെയെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മോട്ടോർ വാഹന വകുപ്പിൽ 09.02.2018-ലെ സ.ഉ(കൈ)നം.11/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 6 പുതിയ സബ് ആർ.ടി ഓഫീസുകളും, 11.02.2019-ലെ സ.ഉ(കൈ) നം.13/2019/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 പുതിയ സബ് ആർ.ടി ഓഫീസുകളും ഉൾപ്പെടെ 13 പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ല (2) - കാട്ടാക്കട സബ് ആർ.ടി ഓഫീസ്, വർക്കല സബ് ആർ.ടി ഓഫീസ് പത്തനംതിട്ട ജില്ല (1) - കോന്നി സബ് ആർ.ടി ഓഫീസ് കൊല്ലം ജില്ല (2) - ചടയമംഗലം സബ് ആർ.ടി ഓഫീസ്, പത്തനാപുരം സബ് ആർ.ടി ഓഫീസ് തൃശ്ശൂർ ജില്ല (1) - തൃപ്രയാർ സബ് ആർ.ടി ഓഫീസ് മലപ്പുറം ജില്ല (1) - കൊണ്ടോട്ടി സബ് ആർ.ടി ഓഫീസ് കണ്ണൂർ ജില്ല (2) - ഇരിട്ടി സബ് ആർ.ടി ഓഫീസ്, പയ്യന്നൂർ സബ് ആർ.ടി ഓഫീസ് കോഴിക്കോട് ജില്ല (3) - നന്മണ്ട സബ് ആർ.ടി ഓഫീസ്, രാമനാട്ടുകര (ഫറോക്ക്) സബ് ആർ.ടി ഓഫീസ്, പേരാമ്പ്ര സബ് ആർ.ടി ഓഫീസ് കാസർഗോഡ് ജില്ല (1) - വെള്ളരിക്കുണ്ട് സബ് ആർ.ടി ഓഫീസ് |
| (ബി) | പ്രസ്തുത ഓഫീസുകൾ ആരംഭിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | വാഹനങ്ങളുടെ രജിസ്ട്രേഷനും അതുവഴി വരുമാനവും വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയുമാണ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്. |
| (സി) | ഉണ്ടെങ്കിൽ അത് എന്താണെന്ന് വിശദമാക്കാമോ? | (സി) | വാഹനങ്ങളുടെ രജിസ്ട്രേഷനും അതുവഴി വരുമാനവും വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയുമാണ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ